# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 327** **26.02.2018 - ൽ മറുപടിയ്ക്ക്**

**ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം**

**ചോദ്യം** **മറുപടി**

**ശ്രീ. സി. മമ്മൂട്ടി:**

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമവും ഉപഭോക്താക്കൾക്ക് ഉപകാരപ്രദവുമാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടി എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ഉപയോഗത്തിലിരിക്കുന്ന എല്ലാ അളവുതൂക്ക ഉപകരണങ്ങളും നിർദ്ദിഷ്ട കാലാവധിയ്ക്കുള്ളിൽ പരിശോധിച്ച് കൃത്യത ഉറപ്പു വരുത്തി മുദ്ര ചെയ്യുന്നു. അളവുതൂക്ക നിയമ സംബന്ധമായതും, പാക്കേജ്ഡ് കമ്മോഡിറ്റീസ് റൂൾസ് സംബന്ധമായതുമായ നിയമലംഘനങ്ങൾ കണ്ടെത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി തുടർച്ചയായി മിന്നൽ പരിശോധനകൾ നടത്തി വരുന്നു. അളവുതൂക്ക സംബന്ധമായും, പാക്കേജ്ഡ് കമ്മോഡിറ്റീസ് റൂൾസ് സംബന്ധമായും ഉപഭോക്താക്കളെ ബോധവൽക്കരിക്കുന്നതിനായി വാർത്താ മാധ്യമങ്ങളിൽ പരസ്യ പ്രചാരണങ്ങൾ നടത്തുന്നു. |
| (ബി) | അളവുതൂക്കങ്ങളിൽ ഉപഭോക്താക്കൾ കബളിപ്പിക്കപ്പെടുന്ന പെട്രോൾ പമ്പുകൾ ഉൾപ്പെടെയുള്ള ഏതെല്ലാം മേഖലകളിലാണ് മിന്നൽ പരിശോധന നടത്തിയിട്ടുള്ളത്; അല്ലെങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വ്യക്തമാക്കുമോ; | (ബി) | പെട്രോൾ പമ്പ്, ജ്വല്ലറികൾ പൊതുവിതരണ കേന്ദ്രങ്ങൾ, എല്ലാവിധ ചില്ലറ/മൊത്ത വ്യാപാര കേന്ദ്രങ്ങൾ, ഹോട്ടലുകൾ/ബാറുകൾ/ചന്തകൾ/ പച്ചക്കറിചന്തകൾ/ബേക്കറികൾ തുടങ്ങി എല്ലാ മേഖലകളിലും മിന്നൽ പരിശോധനകൾ നടത്തി വരുന്നു. സാധാരണ നടത്തുന്ന പരിശോധനകൾക്ക് പുറമെ ക്രിസ്തുമസ്, ഓണം തുടങ്ങിയ ഉത്സവകാലങ്ങളിലും അദ്ധ്യയന വർഷാരംഭ സമയത്തും, ചില പ്രത്യേക മേഖലകൾ കേന്ദ്രീകരിച്ചുള്ള പരിശോധനകളും നടത്തുന്നു. ഇവ ഇനിയും തുടരുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | കണ്ടെത്തുന്ന ക്രമക്കേടുകളിൽ എന്ത് തുടർ നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ? | (സി) | കുറ്റക്കാർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുന്നു. കുറ്റം ചെയ്യുന്നവർ അപരാധം അംഗീകരിച്ച് ഡിപ്പാർട്ട്മെന്റ് മുഖേന പിഴ ഒടുക്കി കേസ് തീർപ്പാക്കാൻ തയ്യാറായാൽ നിയമത്തിലെ വ്യവസ്ഥ പ്രകാരം പിഴ ഈടാക്കി നടപടികൾ അവസാനിപ്പിക്കുന്നു. അല്ലാത്തവയെല്ലാം ബന്ധപ്പെട്ട കോടതികളിൽ സമർപ്പിച്ച് കോടതിയുടെ തീർപ്പിനായി വിടുന്നു. |

Chandralekha R.G

സെക്ഷൻ ഓഫീസർ